ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെയുള്ള W.P.(C) No.11656/2009-ൽ ഹർജിക്കാരൻ ഈ വിഷയമുന്നയിച്ചതിനെത്തുടർന്ന് ബി.എസ്.എൻ.എല്ലിനോട് സംസ്ഥാന സർക്കാർ മൊബൈൽ ടവർ റേഡിയേഷൻ മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള സ്പഷ്ടീകരണമാവശ്യപ്പെട്ടിട്ടുണ്ട്.

റാംസർ സൈറ്റുകൾ

42 (T 1590) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതെല്ലാം നീർത്തടങ്ങളും, ജലാശയങ്ങളും റാംസർ സൈറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട് ; കേന്ദ്ര സർക്കാർ ഇതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇവയുടെ പരിപാലനത്തിനായി സംസ്ഥാന സർക്കാർ എന്ത് നടപടികൾ ഇന്നേവരെ സ്വീകരിച്ചിട്ടുണ്ട് ;

(സി) റാംസർ സൈറ്റുകളുടെ ഭരണനിയന്ത്രണം ഏറ്റെടുക്കാനുദ്ദേശിച്ചു കൊണ്ടുള്ള നിയമനിർമ്മാണത്തിന് കേന്ദ്രസർക്കാർ നടപടികൾ സ്വീകരിച്ചതായി അറിവുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഡി) ഈ നടപടിയെ സംസ്ഥാന സർക്കാർ അനുകൂലിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) അഷ്ടമുടിക്കായൽ, ശാസ്താംകോട്ട തടാകം, വേമ്പനാട് കായൽ എന്നിവയെ കേന്ദ്രസർക്കാർ റാംസർ സൈറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ശാസ്ത്രസാങ്കേതിക വകുപ്പിനുകീഴിലുള്ള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മറ്റു വകുപ്പുകളുമായി സഹകരിച്ച് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സഹായത്തോടെ ശാസ്താംകോട്ട, അഷ്ടമുടി എന്നിവിടങ്ങളിൽ നടപ്പിലാക്കിവരുന്നു.

(സി) കേന്ദ്രസർക്കാർ 2010 നവംബർ മാസത്തിൽ പുതിയ തണ്ണീർത്തട (സംരക്ഷണവും പരിപാലനവും) നിയമം 2010 പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) തണ്ണീർത്തട സംരക്ഷണ പരിപാലന നിയമം സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിനായി ചീഫ് സെക്രട്ടറി തലത്തിൽ വിവിധ വകുപ്പുകളുമായി ചർച്ച നടത്തുകയും കരട് നിയമത്തിന്മേലുള്ള ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു. എന്നാൽ വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾ സമാഹരിക്കുന്നതിനിടയിൽ തന്നെ കേന്ദ്രസർക്കാർ നേരത്തെ പ്രഖ്യാപിച്ച കരടു നിയമം വളരെയധികം മാറ്റങ്ങൾ വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly